# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*268 — 10.12.2018 ൽ മറുപടിക്ക്

## കശുവണ്ടി സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.എം. മുകേഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തി നാവശ്യമായ കശുവണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പിന്റേയും, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും വനംവകുപ്പിന്റേയും കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ജയിൽവകുപ്പ്, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും, കാപെക്സും സംഭരിച്ചു വരുന്നു. 2017 ൽ ആരംഭിച്ച നാടൻ തോട്ടണ്ടി സംഭരണം 2019 ലും തുടരുന്നതിന് നടപടികളെടുത്തുവരുന്നു.<br>കശുവണ്ടി ഉൽപാദകരാജ്യ ങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/ സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കു ന്നതിനാവശ്യമായ നടപടി കളും സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ആഭ്യന്ത രമായി ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖ രിക്കുന്നതിനുള്ള തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവ ഈ വർഷം കൂടുതൽ കശുവണ്ടി സംഭരി ച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷൻ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വിവിധ ഗവൺമെന്റ്<br>ഫാമുകളിൽ നിന്ന് - 29389.7 kgs<br>ആറളം ഫാമിൽ നിന്ന് - 173886.5 kgs<br>പ്ലാന്റേഷൻ കോർപ്പറേഷനിൽ<br>നിന്ന് NM Agency മുഖാന്തിരം - 215985 kgs<br>പ്ലാന്റേഷൻ കോർപ്പറേഷനിൽ<br>നിന്ന് NM Agency മുഖാന്തിരം<br>ചീമേനിയിൽ നിന്ന് - 105644.5 kgs<br>ആകെ - 524.905 MT<br>ടെന്റർ മുഖാന്തിരം - 3150.383 MT<br>**ആകെ - 3675.288 MT**<br><br>കാപ്പെക്സ് 2018 ൽ ഇതുവരെയായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.<br>ഇ-ടെൻഡർ മുഖാന്തിരം - 1690MT<br>ആറളം ഫാമിൽ നിന്ന് - 60MT<br>കർഷകരിൽ നിന്ന് - 60 MT<br>**ആകെ - 1910MT** |
| (സി) | ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റു കൾക്ക് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വരുന്നു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കി കഴിഞ്ഞു. വരും മാസങ്ങളിൽ ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/സ്വകാര്യ മേഖല കളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന തിനാവശ്യമായ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ